**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3580 — 23.06.2014 ൽ മറുപടിയ്ക്ക്

**ദേശീയ ഹരിത ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രിബ്യൂണൽ മുമ്പാകെ കേരളത്തിനു വേണ്ടി അഭിപ്രായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായോ; | (എ) | ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കരുത് എന്ന നിലപാടാണ് സംസ്ഥാന സർക്കാർ ഹരിത ട്രൈബ്യൂണലിൽ സ്വീകരിച്ചത്. |
| (ബി) ദേശീയ ഹരിത ട്രിബ്യൂണൽ മുമ്പാകെ കേരളത്തിനു വേണ്ടി സമർപ്പിച്ച അഭിപ്രായനിർദ്ദേശങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകൾ അതേപടി നടപ്പാക്കുന്നത് അപ്രായോഗികമാണെന്നും, കേരളത്തിന്റെ കാര്യത്തിൽ ശുപാർശകൾ പക്ഷപാതപരമാണെന്നും, നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിന്റെ അന്തഃസത്ത കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ നിലപാട് കണക്കിലെടുക്കണമെന്നും, ഗാഡ്ഗിൽ റിപ്പോർട്ടിന്മേൽ കേന്ദ്ര സർക്കാർ തീരുമാനമൊന്നും എടുക്കാതെ കസ്തൂരിരംഗൻ സമിതിയെ നിയോഗിച്ചിരിക്കയാണ്, ഗോവ ഫൗണ്ടേഷൻ ഫയൽ ചെയ്ത അപേക്ഷ നിലനില്ക്കത്തക്കതല്ല എന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. |

സെക്ഷൻ ഓഫീസർ